(ബി) കാസർഗോഡ് ജില്ലയിൽ ഈ സ്കീമിൽ ഏതൊക്കെ റോഡുകൾക്ക് എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് ഇത്തരം റോഡ് വികസന പദ്ധതികളൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി

159 [924] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പഞ്ചായത്തിലെ തീരപ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനായി ഇതിനകം എത്ര തുക ഫിഷറീസ് ഫണ്ടിൽ നിന്നും അലോട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ആ പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം പഞ്ചായത്തിലെ തീരപ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് 145 ലക്ഷം രൂപ ചെലവിൽ ഒരു പദ്ധതി നടപ്പാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇരുപത് ലക്ഷം രൂപ ഫിഷറീസ് ഫണ്ടിൽ നിന്നാണ്.

(ബി) ഇല്ല. എന്നാൽ പ്രസ്തുത പ്രവൃത്തി നാല് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പരവൂർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം

160 [925] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ഏതുവരെയായി ;

(ബി) ഇതിനായി എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ നിഗമനങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly